# ഉയിർപ്പുക്കാലം

## വചന വിചിന്തനം

### ആറാം ഞായർ

### യോഹ 17,21-26

> **"വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരു ആത്മാവുമായിരുന്നു!"**
>
> അപ്പ 4,32

*പ്രാർത്ഥനാ നിയോഗങ്ങളെ വിശുദ്ധീകരിക്കേണ്ടിയിരിക്കുന്നു... നാം ഭൗതീക ലാഭത്തിനും നേട്ടങ്ങൾക്കും വേണ്ടി പ്രാത്ഥിക്കുമ്പോൾ ക്രിസ്തു കൂട്ടായ്മയ്ക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. കാരണം, ക്രിസ്തുവിനറിയാം, കൂട്ടായ്മ ഉണ്ടെങ്കിൽ അവിടെ എല്ലാം ഉണ്ടെന്ന്!*

കുഞ്ഞായിരിക്കുമ്പോൾ നമ്മുടെ മനസുകളിൽ പതിയുന്നത് ഒരിക്കലും മാഞ്ഞ് പോകില്ല. അതുകൊണ്ട് തന്നെ ഇന്നും ഓർമ്മയിൽ പച്ച കെടാതെ നിൽക്കുന്ന ഒരു സംഭവം. ഇത് കഥയുടെ രൂപത്തിൽ പല ആവർത്തി കേട്ടിട്ടുണ്ടെങ്കിലും അടുത്തു അനുഭവിച്ചതുകൊണ്ടാകാം ഒരിക്കലും മറന്ന് പോകാത്തത്.

ഞങ്ങൾ വീട്ടിൽ മൂന്ന് ആൺകുട്ടികളാണ്; ചേട്ടൻ, അനിയൻ പിന്നെ ഞാനും. ഞങ്ങൾ തമ്മിൽ ഒരു വയസ്സിന്റേയും രണ്ടുവയസ്സിന്റേയും മാത്രം വ്യത്യാസമെയൊള്ളു. ഞങ്ങളുടെ പ്രാഥമിക വിദ്യഭ്യാസം ചാലക്കുടിക്കടുത്തുള്ള മോതിരക്കണ്ണി എസ്.എൻ. ഡി.പി. സ്ക്കൂളിൽ വച്ചായിരുന്നു. വീട്ടിൽ നിന്ന് ഏകദേശം ഒന്നര കിലോമിറ്റർ ദൂരമുണ്ട് സ്ക്കൂളിലേയ്ക്ക്. മൂന്ന് ആൺ കുട്ടികളായിരുന്നു ഞങ്ങൾ എന്നതുകൊണ്ട് തന്നെ ആത്യാവശ്യത്തിന്ന് എന്നതിനേക്കാൾ ഏറെ കുറുമ്പും കുസൃതിയും അധികമായിരുന്നു.

ഒരു ദിവസം പഠിപ്പും കഴിഞ്ഞ് വീട്ടിലേയ്ക്ക് എത്തിയത് വലിയ ബഹളവുമായിട്ടായിരുന്നു. മൂന്ന് പേരും നീട്ടിപിടിച്ചുള്ള കരച്ചിലുമായ് വീട്ടിലെത്തിയപ്പോൾ കണ്ട കാഴ്ച്ച മുറ്റത്ത് പുല്ല് ചെത്തി കൊണ്ടിരിക്കുന്ന അപ്പച്ചനെയാണ്. അപ്പച്ചൻ കാരണം അന്വേഷിച്ചു, "എന്തിനാ നിങ്ങൾ കരയുന്നെ?" ഞങ്ങൾ പരസ്പരം പഴി ചാരാൻ തുടങ്ങി. "ചേട്ടൻ എന്നെ തല്ലിയതു കൊണ്ടാണ് ഞാൻ കരയുന്നതെന്നും. ഞാൻ തള്ളിയതു കൊണ്ടാണ് അനിയൻ കരയുന്നതെന്നും. വാശി തീർക്കാനായ് അനിയൻ കല്ലെടുത്ത് വീക്കിയപ്പോൾ അതു വന്നു കൊണ്ടത് ചേട്ടന്റെ തലക്കാണ് എന്നതുകൊണ്ട് ചേട്ടന്നും." പറഞ്ഞു കഴിഞ്ഞപ്പോഴേയ്ക്കും അവിടെ കരച്ചിലിന്റെ ബഹളമയമാണ്. തല്ലുപിടിച്ചതിന് അപ്പൻ വടിയെടുത്ത് ചേട്ടന് രണ്ടു കൊടുത്തു. അടി തുടങ്ങിയെന്ന് മനസ്സിലാപ്പോഴെക്കും ഞാനും അനിയനും അവിടെ നിന്ന് സ്ഥലം വിട്ടു. അല്ലേലും, എല്ലാ കുടുംബത്തിലും ആരു കുറുമ്പു കാണിച്ചാലും തല്ല് മുഴുവൻ മുത്തവർക്കുള്ളതാണല്ലോ!

വൈകുന്നേരമായി കുരിശുവരയും ജപമാലപ്രാർത്ഥനയും കഴിഞ്ഞപ്പോൾ അപ്പൻ ചേട്ടനോട് പറഞ്ഞു, "അമ്മ മുറ്റമടിക്കുന്ന കുറ്റി ചൂല് എടുത്ത് കൊണ്ടുവാ." തെല്ലു നീരസത്തോടെയാണെങ്കിലും ചേട്ടൻ കുറ്റി ചൂല് എടുത്ത് കൊണ്ടുവന്ന് അപ്പന് കൊടുത്തു. അപ്പൻ അതിൽ നിന്ന് ഒരേ ഈർക്കിളിയെടുത്ത് ഞങ്ങളുടെ മുമ്പിലിട്ടിട്ട് അത് എടുത്ത് ഒടിക്കാൻ പറഞ്ഞു. ഇതാണോ വലിയകാര്യം എന്നു വിചാരിച്ച് വളരെ എളുപ്പത്തിൽ ആ ഈർക്കിളി ഒടിച്ചു. പക്ഷെ, പിന്നിട് അപ്പൻ ചെയ്തതോ, "ഈർക്കിളികൾ എടുത്ത് ഒടിച്ച് കണ്ടം തുണ്ടമാക്കി ഏവറസ്റ്റിന്റെ നെറുകയിൽ കയറി നിൽക്കുന്ന ഞങ്ങളുടെ മുമ്പിലേയ്ക്ക് ചൂല് തന്നെ ഇട്ടിട്ട് അപ്പൻ പറയാണ് 'ഇനി ചൂല് ഒടിച്ചോ!'" ഒൻപത് വയസുക്കാരനും എട്ട് വയസുക്കാരനും ആറ് വയസുക്കാരനും ഒരുമിച്ച് വിചാരിച്ചാൽ പോലും ഒരു ചൂല് ഒടിയാൻ പോകുന്നില്ല. കണ്ണും മിഴിച്ച് പകച്ച് നിൽക്കുന്ന ഞങ്ങളുടെ അടുത്ത് അപ്പൻ പിന്നീട് പറയുകയാണ്;

" മക്കളെ, നിങ്ങൾ ഈ ഈർക്കിളികളെപ്പോലെ ഒറ്റയ്ക്ക് ഒറ്റയ്ക്ക് നിന്നാൽ മറ്റുള്ളവർ നിങ്ങളെ ഒടിച്ച് കണ്ടം തുണ്ടമാക്കി ചാക്കിലാക്കും. പക്ഷെ, നിങ്ങൾ ഈർക്കിളികളെ കൂട്ടിവച്ച് ചൂലാക്കുന്നതുപോലെ ഒരുമിച്ച് നിന്നാൽ നിങ്ങൾ തകർക്കാൻ

ആർക്കും സാധിക്കില്ല!"

ഒരു പക്ഷെ, മകനെന്ന നിലയിൽ അപ്പനിൽ നിന്ന് ലഭിക്കാവുന്ന ഏറ്റവും നല്ല സൂക്തങ്ങളിൽ ഒന്നായിരുന്നു അപ്പൻ അന്ന് പറഞ്ഞ് തന്നത്. ഒറ്റയ്ക്ക് നിൽക്കുന്നവരെ തകർക്കാനും തച്ചുടയ്ക്കാനും വളരെ എളുപ്പമാണ്. പക്ഷെ, ഒരുമിച്ച് നിൽക്കുന്നവരെ തകർക്കുക അത്ര എളുപ്പമല്ല. മറിച്ച്, ഏറെ ശ്രമകരമാണ്. അതുകൊണ്ട് തന്നെയാണ് മുതിർന്നവർ പറഞ്ഞ് വയ്ക്കുന്നത്; "ഐക്യമത്യം മഹാബലം!" കൂട്ടായ്മയിലാണ് ശക്തി വെളിപ്പെടുന്നത്.

എങ്കിൽ, യോഹ 17,21-26 വരെയുള്ള വചനഭാഗത്തിൽ ക്രിസ്തു താൻ ഏറ്റവും കൂടുതൽ സ്നേഹിക്കുകയും തന്റെ കൂടെ ആയിരിക്കാൻ വേണ്ടി പേര് ചൊല്ലി വിളിക്കുകയും ചെയ്ത ശിഷ്യർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ അവരുടെ കൂട്ടായ്മയ്ക്ക് വേണ്ടിയാണ് പ്രാർത്ഥക്കുന്നത്. ഇവിടെ, ക്രിസ്തു ശിഷ്യൻമാർക്കും സഭാതനയർക്കും വേണ്ടി പ്രാർത്ഥിക്കുന്നത് ഒന്നു മാത്രമാണ്, "ഐക്യം!" ക്രിസ്തു പ്രാർത്ഥിക്കുന്നു; "അവരെല്ലാവരും ഒന്നായിരിക്കുന്നതിന് വേണ്ടി... പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ..... ഒന്നാകുന്നതിന് വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു..." (യോഹ 17,21). ഈശോയുടെ പുരോഹിത പ്രാർത്ഥനയുടെ അവസാന ഭാഗത്ത് ക്രിസ്തു ശിഷ്യരുടെ ഐക്യത്തിന് വേണ്ടി പ്രാർത്ഥിക്കുന്നുണ്ടെങ്കിൽ, ക്രിസ്തു വർഷങ്ങൾക്കുമുമ്പേ തിരിച്ചറിഞ്ഞിരുന്ന സഭയിൽ ഉണ്ടാകാനിരിക്കുന്ന ക്രിസ്തു ശിഷ്യൻമാർ തമ്മിലുള്ള അനൈക്യം! ഇന്ന് കത്തോലിക്കാ സഭാ 23 വ്യക്തികത സഭകളായി നിലനിൽക്കുന്നുണ്ടെങ്കിൽ ഇത് തന്നെ സഭയുടെയും ക്രിസ്തു ശിഷ്യരുടെയും അനൈക്യത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്.

"ത്രിത്വം"
ഏറ്റവും നല്ല
കൂട്ടായ്മയാണ്...
മൂന്ന് ശരീരവും
ഒരു മനസ്സും.
മനസ്സിലാക്കാനും
ജീവിക്കാനും
ഏറെ സമസ്യ നിറഞ്ഞ
ഒന്നാണിത്!

സെമിനാരിയിൽ ചേരുന്നതിന് രണ്ട് വർഷം മുമ്പ് 2000-ാം ആണ്ടിൽ കേരളസഭ മഹാജൂബിലി ആഘോഷിച്ചപ്പോൾ അന്ന് നടത്തിയ പൊതു സമ്മേളനത്തിൽ ശ്രദ്ധേയമായ ഒരു പ്രസംഗം നടത്തിയത് അന്നത്തെ കേരള മുഖ്യമന്ത്രിയായിരുന്ന ബഹു. എ.കെ ആന്റണിയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം അത്രമാത്രം ശ്രദ്ധേയമായത് കേരളസഭ ആഗോള കത്തോലിക്കാ സഭയ്ക്കും സമൂഹത്തിനും രാഷ്ട്രത്തിനും ചെയ്തു കൊണ്ടിരിക്കുന്ന നന്മകൾ വാനോളം ഉയർത്തി പ്രസംഗിച്ചതുകൊണ്ടല്ല. മറിച്ച്, കുപ്രസിദ്ധിയിലൂടെ പ്രസിദ്ധനാകുന്നതുപോലെ ക്രൈസ്തവർക്കിടയിലെ ഭിന്നതകളെയും അനൈക്യത്തെയും കുറിച്ച് പ്രസംഗിച്ചതുകൊണ്ടാണ്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ട ഒരു വിധം എല്ലാവരും അന്ന് മുഖം ചുളിച്ചുകൊണ്ട് മനസ്സിൽ വിചാരിച്ചിട്ടുണ്ടാകണം, "ഇതെല്ലാം പറയാൻ കണ്ട സമയം ഇതാണോ? ക്രൈസ്തവർ എന്തുമാത്രം നന്മകളാണ് ഇന്ന് സമൂഹത്തിനും രാഷ്ട്രത്തിനും ചെയ്തുകൊണ്ടിരിക്കുന്നേ! എന്തുമാത്രം ആതുരാലയങ്ങളും ആശുപത്രികളും അനാഥാലയങ്ങളുമാണ് ക്രൈസ്തവർ നടത്തുന്നേ! എന്നിട്ടും, ഇതിനെ കുറിച്ചൊന്നും ബഹു. മുഖ്യമന്ത്രിക്ക് പറയാൻ ഇല്ലാതെയായി പോയത് കഷ്ടമായി."

കണ്ണടച്ച് ഇരുട്ടാക്കുന്നതിന് പകരം ഒന്ന് ഇരുന്ന് ചിന്തിച്ചാൽ ഇത് എത്രയോ സത്യം. സഭയ്ക്ക് അവകാശപ്പെടാൻ ഒരുപാട് നന്മകളും സുകൃതങ്ങളുമുണ്ട്. പക്ഷെ, "ആയിരം കെട്ടിന് അര ചെത്ത്" എന്നു പറയുന്നതുപോലെ നമ്മളുടെ സുകൃതങ്ങളും നന്മകളും വിശുദ്ധിയും ചിലപ്പോൾ ചില 'അഡ്ജസ്റ്റ്മെന്റി'ന്റേയും ചെറുതെന്നു തോന്നുന്ന പാളിച്ചകളുടെയും പേരിൽ കാറ്റിൽ പറക്കുന്നു.

"വേരിൽ കോടാലി വയ്ക്കരുത്." വേരിൽ കോടാലി വച്ചാൽ അത് നശിച്ചുപോകും. സഭയുടെ ആത്യന്തികമായ ലക്ഷം കൂട്ടായ്മയാണ്. "സഭ ഒരു തീർത്ഥാടകയാണെന്നും, കൂട്ടായ്മയിലൂടെ വേണം സ്വർഗ്ഗത്തെ ലക്ഷ്യം വെച്ച് സഭാതനയർ ചരിക്കേണ്ടതെന്നും" നാം പഠിച്ചിട്ടുണ്ട്. അപ്പോൾ, വേരിൽ തന്നെ കോടാലി വയ്ക്കുന്നതു പോലെ കൂട്ടായ്മയിലും ഐക്യത്തിലും കോടാലി വച്ചു കൊണ്ട് എത്ര നാൾ സാക്ഷ്യമില്ലാത്ത പ്രസംഗവും പ്രഘോഷിച്ച് നമ്മുക്ക് ജീവിക്കാനാകും.

റെയ്മണ്ട് ബ്രൗണിന്റെ വ്യാഖ്യാനമനുസരിച്ച്, യോഹന്നാന്റെ സുവിശേഷത്തിലെ 17 -ാം അദ്ധ്യായത്തിലെ ക്രിസ്തുവിന്റെ പ്രാർത്ഥനയ്ക്ക് മൂന്ന് ഭാഗങ്ങളുണ്ട്. 1. ക്രിസ്തു തനിക്ക് വേണ്ടി പ്രാർത്ഥിക്കുന്നു (1-5). 2. ശിഷ്യർക്ക് വേണ്ടി ക്രിസ്തു പ്രാർത്ഥിക്കുന്നു (6-19). 3. സഭയ്ക്ക് വേണ്ടി ക്രിസ്തു പ്രാർത്ഥിക്കുന്നു (20-26). യോഹന്നാൻ സുവിശേഷകന്റെ അഭിപ്രായമനുസരിച്ച് ഈശോയുടെ വിടവാങ്ങൽ പ്രാർത്ഥനയാണിത്. ഇതിന് ശേഷം ഈശോയെ ബന്ധിക്കുകയും കുരിശു മരണത്തിനായ് ഏൽപ്പിച്ച് കൊടുക്കുകയും ചെയ്യുന്നു. ക്രിസ്തുവിനെപ്പോലെ നമ്മളും പിതാവായ ദൈവത്തോട് പ്രാർത്ഥിക്കാറുണ്ട്. പക്ഷെ, നമ്മുടെ പ്രാർത്ഥനകളും ക്രിസ്തുവിന്റെ പ്രാർത്ഥനകളും തമ്മിൽ എന്തു മാത്രം പൊരുത്തക്കേടുകളാണ് നിറഞ്ഞ് നിൽക്കുന്നത്. ദൈവപുത്രന്റെ പ്രാർത്ഥനകളും നമ്മുടെ പ്രാർത്ഥനകളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഭൗതീകമായ ആവശ്യങ്ങളും അർത്ഥനകളും മാത്രമായി നമ്മുടെ പ്രാർത്ഥനകൾ അവസാനിക്കുമ്പോൾ ക്രിസ്തു കാണിച്ചു തരുന്നു, "എങ്ങനെ പ്രാർത്ഥിക്കണമെന്നും, എന്ത് പ്രാർത്ഥിക്കണമെന്നും." ഈശോ '**പഠിപ്പിച്ച**' പ്രാർത്ഥനയിലും ഈശോ '**സമർപ്പിച്ച**' പ്രാർത്ഥനയിലും നിറഞ്ഞ് നിൽക്കുന്നത് "ഐക്യ"മാണ്!

"ഒത്തു പിടിച്ചാൽ മലയും പോരും!" പഴഞ്ചൊല്ലിലൊന്നും പതിരില്ല. കൂട്ടായ്മയുടെ ശക്തി അത് വലിയ ശക്തിയാണ്. ക്രിസ്തു ഐക്യത്തിന് വേണ്ടി പ്രാർത്ഥിക്കുമ്പോൾ നാം സ്വന്തമാക്കേണ്ടതും ഈ ഐക്യം തന്നെയാണ്. "ഒറ്റക്ക് നിന്നാൽ നേടിയെടുക്കാൻ കഴിയുന്നതിനേക്കാൾ ഏറെ ഒരുമിച്ച് നിന്നാൽ നേടിയെടുക്കാം." 2006-2007 കാലയളവിൽ 'മേരി മാത' മേജർ സെമിനാരിയിൽ തത്വശാസ്ത്ര പഠനവേളിയിൽ ഉണ്ടായ ഒരു അനുഭവം. തത്വശാസ്ത്ര പഠനത്തിന്റെ അവസാനം 'ബിടി.എച്ച്' എന്നുള്ള ഡിഗ്രിക്ക് വേണ്ടി ഏറ്റവും കുറവ് മൂന്ന് അദ്ധ്യായങ്ങളെങ്കിലും ഉള്ള ഒരു 'തീസിസ്' എഴുതി കൊടുക്കണം. കുറഞ്ഞത് ഒരു വർഷം മുമ്പേങ്കിലും പണി ആരംഭിക്കും. ഏല്ലാം കഴിഞ്ഞ് 'തീസിസ്' സമർപ്പിക്കുന്നതിന്റെ നാല് നാൾ മുമ്പ് ഒരു സഹോദരൻ തീസിസ് 'പ്രിന്റ്' എടുക്കാൻ വരുമ്പോൾ അടിച്ച് കൂട്ടിയതൊന്നും കമ്പ്യൂട്ടറിൽ കാണുന്നില്ല. അവിടെയുള്ള 11 കമ്പ്യൂട്ടറുകളും തിരിച്ചും മറിച്ചും എല്ലാ 'ഫോൾഡറു'കളും പരിശോദിച്ചിട്ടും 'ടൈപ്പ്' ചെയ്തതൊന്നും കാണുന്നില്ല. അവസാനം, കമ്പ്യൂട്ടർ അറിയാവുന്ന കുറച്ചു പേർ ഒന്നിച്ചിരുന്നു ഒരു മണിക്കൂറിനുള്ളിൽ അദ്ദേഹം അടിച്ച് മനോഹരമാക്കിയതിനേക്കാൾ സുന്ദരമാക്കി ടൈപ്പ് ചെയ്തു കൊടുക്കുകയും ഏറ്റവും ആദ്യം അദ്ദേഹം 'തീസിസ്' സമർപ്പിക്കുകയും ചെയ്തു. "ഒത്തു പിടിച്ചാൽ മലയും പോരും!"

സാക്ഷ്യമായിരിക്കണം
പ്രഷിതദൗത്യം.
പ്രസംഗിച്ചല്ല,
മറിച്ച്,
സ്നേഹവും
ഐക്യവും നിറയുന്ന
ജീവിതമായിരിക്കണം
വചനപ്രഘോഷണം!

ക്രിസ്തു കൂട്ടായ്മയ്ക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. ഈ കൂട്ടായ്മയുടെ ലക്ഷ്യം എന്താണെന്ന് 21-ാം വാക്ക്യത്തിലും 23-ാം വാക്ക്യത്തിലും ക്രിസ്തു സൂചിപ്പിക്കുന്നുണ്ട്. അത് ലോകത്തിനുള്ള സാക്ഷ്യമാണ്. "സാക്ഷ്യം സമ്മാനിക്കാൻ ആൽഭുതങ്ങൾ സമ്മാനിക്കണമെന്നില്ല. മറിച്ച്, കൂട്ടായ്മയിൽ ജീവിച്ചാൽ മതി." ക്രിസ്തു നൽകുന്ന കൽപ്പന ഇപ്രകാരമാണ്, "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൽ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാരാണെന്ന് അതു മൂലം എല്ലാവരും അറിയും" (യോഹ 13,35). ചുരുക്കത്തിൽ, സ്നേഹത്തിന്റെ പ്രമാണമായിട്ടുള്ള കൂട്ടായ്മയും സുവിശേഷ പ്രോഘോഷണവും സമാസമമാണെന്നാണ് ക്രിസ്തു പറയുന്നത്. എങ്കിൽ, എനിക്ക് വചനം പ്രസംഗിക്കാനും പ്രഘോഷിക്കാനും സിറിയായിലേയ്ക്കോ ആഫ്രിക്കയിലേയ്ക്കോ പാക്കിസ്ഥാനിലേയ്ക്കോ പോകണമെന്നില്ല. മറിച്ച്, എന്റെ കുടുംബത്തിലും നാം ജോലി ചെയ്യുന്ന ഇടങ്ങളിലും കണ്ടുമുട്ടുന്ന വ്യക്തികൾക്കും സ്നേഹം സമ്മാനിക്കുകയും കൂട്ടായ്മയിൽ ജീവിക്കുകയും ചെയ്താൽ മതി. എങ്കിൽ, "പ്രഷിത ദൗത്യം=വചനം ജീവിക്കുക!"

***"നിന്റെ സഹോദരൻ ആബേൽ എവിടെ?"***
**ഉൽപ്പത്തി 4,9**

ഫാ. ജോബി മെനോത്ത് : +91 944 7777 931